No. CEE/4900/PGM-2020/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## പി.ജി. മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2020-21
## ഒന്നാംഘട്ട താൽക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

സംസ്ഥാനത്തെ വിവിധ സർക്കാർ/സ്വാശ്രയ മെഡിക്കൽ കോളേജുകൾ, തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ എന്നിവിടങ്ങളിലെ പി.ജി മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായുള്ള ഒന്നാം ഘട്ട പ്രൊവിഷണൽ അലോട്ടുമെന്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ കേരളാ സ്റ്റേറ്റ് റാങ്ക് ലിസ്റ്റ്, കാറ്റഗറി വിവരങ്ങൾ എന്നിവ 18.04.2020–ൽ പ്രൊവിഷണലായാണ് പ്രസിദ്ധീകരിച്ചിരുന്നത്. അപേക്ഷാർത്ഥികളുടെ പ്രൊവിഷണൽ റാങ്കിന്റെയും അവർ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ 21.04.2020 3 മണി വരെ നൽകിയ ഓൺലൈൻ ഓപ്ഷനുകളുടെയും അടിസ്ഥാനത്തിൽ ഒന്നാം ഘട്ട അലോട്ട്മെന്റും താൽക്കാലികമായാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രത്യേക സാഹചര്യത്തിൽ ഒന്നാം ഘട്ട അലോട്ടുമെന്റിൽ ലഭിച്ച വിദ്യാർത്ഥികൾ കോളേജുകളിൽ നേരിട്ട് ഹാജരായി പ്രവേശനം നേടേണ്ടതില്ല. വിദ്യാർത്ഥികൾക്ക് ഈ ഘട്ടത്തിൽ Candidate portalൽ ലഭ്യമാക്കിയിട്ടുള്ള 'Virtual admission' മുഖാന്തിരം ഓൺലൈനായി 04.05.2020 വൈകുന്നേരം 5 മണിക്കു മുമ്പായി പ്രവേശനം നേടാവുന്നതാണ്. ഓൺലൈനായി ഫീസ് അടച്ച് 'Virtual admission' പ്രക്രിയ പൂർത്തിയാക്കുന്നതിനായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ വിശദമായ വിജ്ഞാപനം കാണുക.

ഹെൽപ്പ് ലൈൻ നമ്പർ : **0471-2525300**

തിരുവനന്തപുരം
23.04.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**